"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2018-ലെ പ്രളയത്തിൽ തകർന്ന കുഴിമണ്ണ ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡിലെ കടുങ്ങല്ലൂർ GUPS-ന്റെ സ്റ്റേജ്, ക്ലാസ് റൂം എന്നിവ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ സംരക്ഷണ ഭിത്തി പുനർ നിർമ്മിച്ച പ്രവൃത്തിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

G.O.(Rt)No.1130/2021/LSGD തീയതി,തിരുവനന്തപുരം, 11/06/2021

---

പരാമർശം:- 1. കുഴിമണ്ണ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11/12/2019-തീയതിയിലെ 6(1)-ാം നമ്പർ തീരുമാനം.

2. കുഴിമണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് അയച്ച 19.1.2021-ലെ ബി2/9012/2020 നം കത്ത്.

3. മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.1.2021-ലെ കത്ത്.

4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർ ഡിനേഷൻ കമ്മിറ്റിയുടെ 10/02/2021-ലെ 4.31 നമ്പർ യോഗ തീരുമാനം.

ഉത്തരവ്

2018-ലെ പ്രളയത്തിൽ തകർന്ന കുഴിമണ്ണ ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡിലെ കടുങ്ങല്ലൂർ GUPS-ന്റെ സ്റ്റേജ്, ക്ലാസ് റൂം എന്നിവ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ സംരക്ഷണ ഭിത്തി അടിയന്തര സാഹചര്യത്തിൽ മറ്റ് അനുമതികളോ നടപടി ക്രമങ്ങളോ കൂടാതെ പുനർനിർമ്മിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത പ്രവൃത്തി പഞ്ചായത്തിന്റെ പദ്ധതിയിലുൾപ്പെടാത്തതിനാൽ ഇതിന്റെ തുക അനുവദിയ്ക്കുന്നതിന് കഴിയുന്നതല്ല. കുട്ടികളുടെയും സ്കൂൾ കെട്ടിടത്തിന്റെയും സുരക്ഷ മുന്നിൽ കണ്ട് അടിയന്തരമായി മുൻകൂർ അനുവാദമില്ലാതെ നടത്തിയിട്ടുള്ള മേൽ നിർമ്മാണ പ്രവൃത്തിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗിന്റെ വാല്യവേഷൻ പ്രകാരം തുക അനുവദിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതിക്കായി കുഴിമണ്ണ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (1) തീരുമാന പ്രകാരം മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് അപേക്ഷ ലഭ്യമാക്കിയിരുന്നു. കുഴിമണ്ണ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ വാല്യവേഷൻ തുകയായ 1,98,491/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി നാനൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് നൽകിയ റിപ്പോർട്ടും അതോടൊപ്പം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 10/02/2021-ലെ യോഗത്തിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (3) പ്രകാരമുള്ള യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2018-ലെ പ്രളയത്തിൽ തകർന്ന കുഴിമണ്ണ ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡിലെ കടുങ്ങല്ലൂർ GUPS ന്റെ സ്റ്റേജ്, ക്ലാസ് റൂം എന്നിവ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ സംരക്ഷണ ഭിത്തി പുനർനിർമ്മിച്ച് നൽകിയതിന്റെ പ്രവർത്തിക്കു പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C S Sreekala
Joint Secretary

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

സെക്രട്ടറി, കുഴിമണ്ണ ഗ്രാമപഞ്ചായത്ത്, മലപ്പുറം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Reenamma P A
Date: 11-06-2021 16:29:14
Reason: Approved
സെക്ഷൻ ഓഫീസർ